പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1170 — 03/12/2015 ൽ മറുപടിയ്ക്ക്

**സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ**

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | ഉത്തരം<br>ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) നിയോജകമണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി വരെയുള്ള ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;<br>ബി) എത്ര സ്കൂളുകളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;<br>സി) നെന്മാറ ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ? | (എ) (ബി) & (സി) തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ സ്കൂളുകളെ അന്തരാഷ്ട്ര നിലവാരത്തിലേക്ക് (നടക്കാവ് മോഡൽ) ഉയർത്തുന്നതിന്റെ ഭാഗമായി 2015-16 വർഷത്തിൽ തുടങ്ങുവാൻ ലക്ഷ്യമിട്ട് മിഷൻ 100എന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഇതിന് നടപ്പ് സാമ്പത്തിക വർഷം 800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.ടി പദ്ധതി നടത്തിപ്പിനായി, ഫണ്ട് ശേഖരണവും ഗവേണിംഗ് ബോഡിയുടെയും ,എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും രൂപീകരണവും സംബന്ധിച്ച നടപടികൾ തുടർന്നു വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നെന്മാറ ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച കാര്യത്തിൽ തീരുമാനം കൈകൊള്ളുന്നതാണ്. 03/04/2013ലെG.O(Rt)1538/13/പൊ.വി.വ പ്രകാരം കോഴിക്കോട് നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് |

ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ടി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ